24802482 (Pages : 3) Reg. No.................................

Name.................................

# FIVE YEAR B.A., LL.B. (HONOURS) DEGREE/B.Com. LL.B. (HONOURS) DEGREE EXAMINATION, APRIL 2024

## Fourth Semester

FM 1—Additional Language

Paper I—MALAYALAM

(2021 Admissions–Regular/2018 to 2020 Admissions–Supplementary)

Time : Three Hours Maximum : 75 Marks

### എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഇരുപതാം നൂറ്റാണ്ടിലെ കലയാണ് സിനിമ. നാം ജീവിക്കുന്ന യാന്ത്രിക യുഗത്തിന് ചേർന്ന ഒരു യാന്ത്രിക യുഗത്തിന് ചേർന്ന ഒരു യാന്ത്രിക കലയായി സിനിമയെ വിശേഷിപ്പിക്കാറുണ്ട്. 1895 ഡിസംബർ 28ന് ലൂമിയർ സഹോദരൻമാരാണ് പാരീസിലെ ഗ്രാൻകഫേയിൽ ലോകത്തിലെ ആദ്യത്തെ ചലച്ചിത്ര പ്രദർശനം നടത്തി സിനിമയെന്ന ആധുനിക കലയ്ക്ക് തുടക്കം കുറിച്ചത്. തൊട്ടടുത്ത വർഷം 1896 ജൂലൈ 7-ാം തീയതി ബോംബെയിലെ വാട്സൺ ഹോട്ടലിൽ വച്ച് ലൂമിയർ സഹോദരൻമാർ തന്നെ നൂതന കലാരൂപത്തിന്റെ പ്രദർശനം ആദ്യമായി ഇന്ത്യയിൽ നടത്തി. വിഗതകുമാരൻ എന്ന നിശബ്ദ ചിത്രത്തോടെയാണ് മലയാള സിനിമയുടെ ചരിത്രം ആരംഭിക്കുന്നത്. 1895-ലാണ് ലോകസിനിമയുടെ തുടക്കമെങ്കിൽ 1928-ലാണ് മലയാള സിനിമ പ്രേക്ഷകരിലെത്തിയത്. സാമൂഹിക ജീവിതത്തെ ആവിഷ്ക്കരിക്കുന്നതിലൂടെയാണ് സാധാരണക്കാരനെ ആകർഷിക്കുവാൻ മലയാള സിനിമയ്ക്ക് കഴിഞ്ഞത്. ഒരു സമൂഹത്തിന്റെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും നാടൻ കലാരൂപങ്ങളെയും ബന്ധിപ്പിക്കുവാൻ സിനിമയെന്ന കലാരൂപത്തിന് കഴിഞ്ഞിട്ടുണ്ട്. പുലി ജന്മം, കളിയാട്ടം എന്നീ സിനിമകളിൽ ഫോക് സ്വാധീനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

1. ലോകത്ത് ആദ്യമായി ചലച്ചിത്ര പ്രദർശനം നടന്ന വർഷം.
2. മലയാളത്തിലെ ആദ്യത്തെ നിശബ്ദ ചിത്രം ഏതാണ് ?
3. പുലിജന്മം, കളിയാട്ടം എന്നീ ചിത്രങ്ങളുടെ പ്രധാന സവിശേഷതയെന്ത് ?
4. കേരളത്തിന്റെ ചലച്ചിത്ര ചരിത്രത്തിൽ 1928-ന്റെ പ്രത്യേകതയെന്ത് ?
5. സാധാരണക്കാരെ ആകർഷിക്കാൻ ചലച്ചിത്രത്തിന് കഴിഞ്ഞതെന്തു കൊണ്ടാണ് ?

(5 × 1 = 5)

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.

(a) ഇന്ത്യൻ ഭരണഘടന. (b) പത്രധർമ്മം.

(1 × 10 = 10)

III. ഉന്നത വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്വാഭിപ്രായം രേഖപ്പെടുത്തുക. (1 × 10 = 10)

## ബി വിഭാഗം

IV. അർത്ഥ വ്യത്യാസം എഴുതുക.

തിണ്ണ – തിണ്ണം.

പ്രമാദം – പ്രമോദം.

(2 × 1 = 2)

V. വാക്യശുദ്ധി വരുത്തുക.

(a) ബാങ്ക് പലിശനിരക്കിൽ നൂറിൽ പന്ത്രണ്ട് ശതമാനമായി വികസിപ്പിച്ചു.

(b) ഏതാണ്ട് മുന്നൂറോളം ആളുകൾ എത്തിയിരുന്നു.

(2 × 1 = 2)

VI. ചിഹ്നങ്ങൾ നൽകുക.

ഞാൻ ചോദിച്ചു നിങ്ങൾ മാത്രമാണോ ഇവിടെ താമസിക്കുന്നത് – അയാൾ പറഞ്ഞു ഞാനും രണ്ട് മക്കളുമാണ് ഇവിടെയുള്ളത് അപ്പോ പുറത്ത് എന്തോ ശബ്ദം കേട്ടു അയാൾ ആശ്ചര്യപ്പെട്ട് ചോദിച്ചു എന്തായിത് ?

(2 × 1 = 2)

VII. ഭിത്തിക, വലയം എന്നിവ ഉദാഹരണസഹിതം എഴുതുക. (2 × 1 = 2)

VIII. ഉപന്യാസം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ ഏവ ? (2 × 1 = 2)

IX. അംഗവാക്യം, അംഗിവാക്യം ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണസഹിതം എഴുതുക. (2 × 1 = 2)

X. മലയാള അക്കത്തിലെഴുതുക.

(a) 456. (b) 345.

(c) 278. (d) 789.

(4 × 1 = 4)

XI. കുറിപ്പെഴുതുക.

(a) ഔദ്യോഗിക കത്തുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

(b) ചിഹ്നങ്ങൾ എന്നാലെന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

(c) ഒന്നു മുതൽ പത്ത് വരെയുള്ള നക്ഷത്രങ്ങൾ ക്രമത്തിലെഴുതുക.

(3 × 3 = 9)

## സി വിഭാഗം

XII. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

(a) പൂവമ്പഴം എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

(b) സാമൂഹിക വിമർശനമാണ് നമ്പ്യാർക്കവിതകളുടെ കരുത്ത്–വിശദമാക്കുക.

(c) കൃഷിക്കാരൻ എന്ന കഥയുടെ സാമൂഹിക പ്രസക്തി വിവരിക്കുക.

(d) ഗാന്ധാരി വിലാപത്തിന്റെ പ്രമേയം സംഗ്രഹിക്കുക.

(e) പ്രതിഷേധവും പ്രതികരണവും എന്ന വിഷയത്തെ ആസ്പദമാക്കി 'രാച്ചിയമ്മ' എന്ന കഥയെ പഠന വിധേയമാക്കുക.

(f) പ്രാചീന കവിത്രയം – ഉപന്യാസം തയ്യാറാക്കുക.

(g) നവോത്ഥാന കഥാകൃത്തുക്കളുടെ രചനാപരമായ പ്രത്യേകതകൾ എഴുതുക.

(5 × 5 = 25)